# കേരള സർവകലാശാല

നം. പി.ആർ.206/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷാതീയതി മാറ്റം

കേരള സർവകലാശാല സെപ്തംബർ 28-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന ബി.എസ്‌സി ആന്വൽ സ്കീം മാത്തമാറ്റിക്സ് മെയിൻ പേപ്പർ രണ്ട് സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ 19-ാം തീയതി വ്യാഴാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിൽ മാറ്റമില്ല.

## ബി.എ പരീക്ഷാ തീയതി മാറ്റം

കേരള സർവകലാശാല സെപ്തംബർ 28-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന ബി.എ (ആന്വൽ സ്കീം)/ ബി.എ (അഫ്സൽ ഉൽ ഉലാമ) പരീക്ഷകൾ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് പ്രസ്തുത ദിവസം നടക്കുന്നതിനാൽ ഒക്ടോബർ നാലാം തീയതിയിലേക്ക് മാറ്റിയിരിക്കുന്നു.

## ബി.എസ്‌സി പരീക്ഷാകേന്ദ്രം

കേരള സർവകലാശാല സെപ്തംബർ 26-ന് തുടങ്ങുന്ന ബി.എസ്‌സി ആന്വൽ സ്കീം പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ സെപ്റ്റംബർ / ഒക്ടോബർ പരീക്ഷയ്ക്ക് പാളയം എസ്.ഡി.ഇ, കൊല്ലം എസ്.എൻ കോളേജ് എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. ഗവ. ആർട്ട്സ് കോളേജ് പരീക്ഷാകേന്ദ്രമായി ഓഫ്ലൈനായും ഓഫ്ലൈനായും അപേക്ഷിച്ചവർ പാളയം എസ്.ഡി.ഇ-യിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

## ബി.എസ്‌സി ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്‌സി (2015 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 17. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

## ബി.എ ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ (2013 & 2014 സ്കീം), ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക് (2014 സ്കീം), ബി.പി.എ (2013 & 2014 സ്കീം), ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (2013 & 2014 സ്കീം) തുടങ്ങിയ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ വൈവാവോസി: പുതുക്കിയ തീയതി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം സെപ്റ്റംബർ 18-ന് നടത്താനിരുന്ന എം.എ സോഷ്യോളജി ഫൈനൽ വൈവാവോസി പരീക്ഷ സെപ്റ്റംബർ 22-ന് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേർസ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) (2017-18 ബാച്ച്) പ്രവേശനത്തിനായി എസ്.സി/എസ്.ടി വിഭാഗത്തിന് (2 സീറ്റ്) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ളവർ അപേക്ഷാ ഫോമും (അപേക്ഷാ ഫീസ് - 500 രൂപ) സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി സെപ്റ്റംബർ 22-ന് രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം ജനുവരി-ഫെബ്രുവരി മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ (റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ ഹാൾടിക്കറ്റുമായി ചെന്ന് കൈപ്പറ്റേണ്ടതാണ്. സൂക്ഷ്മപരിശേദനയ്ക്കുള്ള അവസാന തീയതി സെപ്റ്റംബർ 28.

## യു.ജി/പി.ജി  രജിസ്ട്രേഷൻ: തീയതി നീട്ടി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം വഴിയുള്ള യു.ജി അഡ്മിഷൻ രജിസ്ട്രേഷന് വേണ്ടിയുള്ള 250/- രൂപ ഫൈനോട്കൂടിയുള്ള അവസാന തീയതി ഒക്ടോബർ 10 വരെയും. പി.ജി അഡ്മിഷൻ രജിസ്ട്രേഷന് വേണ്ടിയുള്ള അവസാന തീയതി ഒക്ടോബർ 10 (100/- രൂപ ഫൈനോട്കൂടിയുള്ള  അവസാന തീയതി ഒക്ടോബർ 31) വരെയും നീട്ടിയിരിക്കുന്നു.

## ബി.എസ്സി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ സി.ബി.സി.എസ് ബി.എസ്സി ആറാം സെമസ്റ്റർ (സപ്ലിമെന്ററി 2010, 2011 & 2012 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 13.

## ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 20-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (2015 സ്കീം)(സപ്ലിമെന്ററി - 2015-17 ബാച്ച്) പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 28 (50 രൂപ പിഴയോടെ ഒക്ടോബർ മൂന്ന്, 125 രൂപ പിഴയോടെ ഒക്ടോബർ അഞ്ച്) വരെ ഫീസടച്ച് ഓഫ്ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## എൽ.എൽ.എം ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 10.

## ബി.ടെക് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ കമ്പയിൻഡ് ഫസ്റ്റ് ആന്റ് സെക്കന്റ് സെമസ്റ്റർ സപ്ലിമെന്ററി ബി.ടെക് ഡിഗ്രി (2013 സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ യത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 13. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭി ക്കും.

## UGC/JRF/NET പരിശീലന ക്ലാസ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയിമെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ UGC/JRF/NET പരീക്ഷകളുടെ ജനറൽ പേപ്പറിന് 2017 ഒക്ടോബർ നാലാം തീയതി മുതൽ പരിശീലനം നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം നൽകുന്നത്. താൽപര്യമുള്ള ഉദ്യോ ഗാർത്ഥികൾ യൂണിവേഴ്സിറ്റി എംപ്ലോയിമെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, സ്റ്റുഡന്റ്സ് സെന്റർ, പി.എം.ജി ജംഗ്ഷൻ, തിരുവനന്ത പുരം എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471-2304577.

## പി.ജി. പ്രവേശനം, 2017- ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെയും യു.ഐ.ടി.കളിലേയും 2017-18 അദ്ധ്യയന വർഷത്തെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ സെപ്തംബർ 22-നകം അഡ്മിഷൻ ഫീസ് ഒടുക്കുന്നതിനുള്ള ചലാൻ ഡൗൺലോഡ് ചെയ്ത് എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് ഒടുക്കി ജേർണൽ നമ്പർ വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) നൽകി തങ്ങളുടെ സീറ്റ് ഉറപ്പാക്കേണ്ടതാണ്. ഫീസ് അടച്ച വിവരം (ജേർണൽ നമ്പർ, തുക, ഫീസൊടുക്കിയ തീയതി, ശാഖ മുതലായവ) വെബ്സൈറ്റിൽ രേഖപ്പെടുത്താത്ത അപേക്ഷകരുടെ അലോട്ട്മെന്റ് നഷ്ടപ്പെടുകയും തുടർന്നുള്ള അലോട്ട്മെന്റുകളിൽ യാതൊരു കാരണവശാലും പരിഗണിക്കുന്നതുമല്ല. ഹയർ ഓപ്ഷനുകൾ ആവശ്യമില്ലാത്തവർ സെപ്തംബർ 22-നകം അവ നീക്കം ചെയ്യേണ്ടതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം മാത്രം കോളേജുകളിൽ പ്രവേശനം നേടിയാൽ മതിയാകും. പ്രവേശനം സംബന്ധിച്ച വിശദമായ അറിയിപ്പ് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## ബി.എസ്‌സി പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്‌സി പരീക്ഷയുടെ കോംപ്ലിമെന്ററി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ അഞ്ചാം തീയതി മുതൽ അതാത് കോളേജിൽ വച്ച് നടത്തുന്നതാണ് ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ പരീക്ഷയുടെ കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 25 മുതൽ അതാത് കോളേജിൽ വച്ച് നടത്തുന്നതാണ് ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.സി.എ ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ് മൂന്നാം സെമസ്റ്റർ ബി.സി.എ (2013 & 2014 സ്കീം) സപ്ലിമെന്ററി ബിരുദ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആന്റ് കോംപിയറിംഗ് കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആന്റ് കോംപിയറിംഗ് കോഴ്സിന് സെപ്റ്റംബർ 27 വരെ അപേക്ഷിക്കാം. യോഗ്യത പ്ലസ്ടു/ പ്രീഡിഗ്രി ജയം. കോഴ്സ്കാലാവധി മൂന്ന് മാസം. ഫീസ് പതിനായിരം രൂപ. അപേക്ഷാഫീസ് 150 രൂപ. ക്ലാസുകൾ ശനി ഞായർ ദിവസങ്ങളിൽ മാത്രം. വിശദവിവരങ്ങൾക്ക് പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ:0471–2302523.

## ബി.എ പരീക്ഷാ കേന്ദ്രങ്ങൾ

കേരള സർവകലാശാല സെപ്റ്റംബർ 26–ന് ആരംഭിക്കുന്ന ബി.എ (ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിനും സബ്സിഡിയറിയും സപ്ലിമെന്ററി പരീക്ഷയുടെ ഏതാനും പരീക്ഷാകേന്ദ്രങ്ങളുടെ മാറ്റം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം സംസ്കൃത കോളേജ്, പെരിങ്ങമ്മല ഇക്ബാൽ കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ തിരുവനന്തപുരത്തെ സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിലും, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജും ചെമ്പഴന്തി ശ്രീ നാരായണ കോളേജും പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ തിരുവനന്തപുരം മഹാത്മാ ഗാന്ധി കോളേജിലും, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും, കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ കൊല്ലം ടി.കെ.എം കോളേജിലും, കൊട്ടിയം എം.എം.എൻ.എസ്.എസ് കോളേജ്, ശാസ്താംകോട്ട ഡി.ബി കോളേജ്, കൊല്ലം ശ്രീ നാരായണ വനിതാ കോളേജ്, ചവറ ബി.ജെ.എം കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ കൊല്ലം ശ്രീ നാരായണ കോളേജിലും, ചേർത്തല ശ്രീ നാരായണ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലും , ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ ആലപ്പുഴ എസ്.ഡി കോളേജിലും ചെങ്ങന്നൂർ ക്രിസ്തൃൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ പന്തളം എൻ.എസ്.എസ് കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. മുൻ ലേണർ സപ്പോർട്ട് സെന്ററുകൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ പരീക്ഷ എഴുതണം. മറ്റു പരീക്ഷാകേന്ദ്ര

ങ്ങൾക്ക് മാറ്റമില്ല. ഓൺലൈനായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 21 മുതൽ ബന്ധപ്പെട്ട വെബ്സൈറ്റിൽ നിന്ന് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. മറ്റുള്ളവർ അനുവദിച്ചിട്ടുള്ള പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും നേരിട്ട് ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്.

## ബി.എസ്സി പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ഒകടോബർ 24, നവംബർ ആറ് എന്നീ തീയതികളിൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് / ബി.സി.എ ആന്വൽ സ്കീം സപ്ലിമെന്ററി പരീക്ഷകൾക്ക്, 2013 സ്കീം സപ്ലിമെന്ററി 2014 അഡ്മിഷൻ (പുതിയ സ്കീം) ഓൺലൈനായും, 2013 സ്കീം സപ്ലിമെന്ററി 2013 അഡ്മിഷൻ (പുതിയ സ്കീം), 2013-ന് മുമ്പുള്ള അഡ്മിഷൻ (പഴയ സ്കീം) വിദ്യാർത്ഥികൾ ഓഫ്ലൈനായും അപേക്ഷിക്കണം. പിഴ കൂടാതെ സെപ്റ്റംബർ 28 (50 രൂപ പിഴയോടെ ഒക്ടോബർ 4, 125 രൂപ പിഴയോടെ ഒക്ടോബർ 6) വരെ ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 20 മുതൽ ആരംഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റിന്റെ (കെമിസ്ട്രി പ്രാക്ടിക്കൽ) പരീക്ഷ സെപ്റ്റംബർ 20-ന് അതാത് പരിക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ (ഫിസിക്സ് പ്രാക്ടിക്കൽ) പരീക്ഷകൾ സെപ്റ്റംബർ 22 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
20.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ